LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 15, വ്യാഴം

നിയമസഭ 1999 ജൂലൈ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 455

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*455) രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങളുടെ വിൽപ്പന

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മത്സ്യത്തിൽ നല്ലൊരു പങ്കും മാരകമായ രാസവസ്തു ഉപയോഗിച്ചുള്ളതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യ വിപണന കേന്ദ്രങ്ങളിലെ വ്യാപാരികൾ സംഘടിതരായി മത്സ്യത്തിന്റെ വില നിയന്ത്രിക്കുന്നതിനും മത്സ്യം കൂടുതൽ ദിവസം സൂക്ഷിച്ച് കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഇത് അവസാനിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം നടപടികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി)ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ ഉപയോഗിക്കുന്നതായിട്ടുള്ള ആക്ഷേപം പൊതുവിലുണ്ട്. പ്രത്യേകിച്ച്, കേരളത്തിന് പുറത്ത് മംഗലാപുരം, തൂത്തുക്കുടി തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ ഉപയോഗിക്കുന്നുവെന്നുള്ള ആക്ഷേപമാണ് നിലവിലുള്ളത്. ഇവിടെ കൊണ്ടുവരുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇത് ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഇതിന്റെ പരിശോധന നടത്തുന്നത് ആരോഗ്യവകുപ്പാണ്. ആരോഗ്യവകുപ്പിനാണ് ചോദ്യം അയയ്ക്കേണ്ടിയിരുന്നത്. ആഭ്യന്തര മാർക്കറ്റിൽ വരുന്ന മത്സ്യം ഈ രൂപത്തിൽ രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷെ ഇത് പരിശോധിക്കാനും ശിക്ഷിക്കാനുമുള്ള അധികാരം ആരോഗ്യവകുപ്പിനുണ്ട്. ഫുഡ് ഇൻസ്പെക്ടർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും ഇതിന് നടപടിയെടുക്കുന്നുണ്ട്. ഈ വിവരം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാൻ സാധിക്കും.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : ഫുഡ് അഡൽട്രേഷൻ ആരോഗ്യവകുപ്പിന്റെ പരിധിയിലാണെങ്കിലും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഫിഷറീസ് വകുപ്പ് ആരോഗ്യവകുപ്പുമായി ചർച്ച ചെയ്ത് ഒരു പ്രത്യേക സംവിധാനമുണ്ടാക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഈ കാര്യം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് ഞാൻ പറഞ്ഞു.

ശ്രീ. ജോൺ ഫെർണാണ്ടസ് : കേരളത്തിൽനിന്നുള്ള മത്സ്യവിഭവങ്ങൾക്ക് യൂറോപ്പിൽ പ്രവേശനം നിരോധിച്ചിരുന്ന ഒരു ഘട്ടമുണ്ടായിരുന്നു. അവരുടെ നിബന്ധനകളനുസരിച്ച് കേരളത്തിൽനിന്നും കയറ്റുമതി ചെയ്യുന്ന മത്സ്യങ്ങൾ ശുദ്ധീകരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ വച്ചിരുന്നു. ഇതിന് പ്രധാന കാരണം കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്ന മത്സ്യങ്ങൾ ഗുണനിലവാരമില്ലാത്തതും രാസവസ്തുക്കളുടെ അംശം ഉണ്ടെന്നുള്ളതുമാണ്. ഇതു സംബന്ധിച്ച് മത്സ്യവകുപ്പ് വേണ്ട രീതിയിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെന്ന് പറയുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആ ചോദ്യത്തിനുള്ള ഉത്തരമാണ് പറഞ്ഞത്. ആഭ്യന്തരമാർക്കറ്റിൽ വരുന്ന മത്സ്യത്തെപ്പറ്റിയാണ് ചോദ്യം. കയറ്റുമതി ചെയ്യുന്ന മത്സ്യത്തിന്റെ കാര്യത്തിൽ നടപടിയെടുക്കുന്നുണ്ട്. കയറ്റുമതി ചെയ്യുന്നവർ ഇതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അവർ വേണ്ടപോലെ ശ്രദ്ധിക്കാത്തതിന്റെ ഫലമായി കയറ്റുമതി തടയുകയുണ്ടായി. ഇതുമൂലം വലിയ നഷ്ടം സ്റ്റേറ്റിന് വരികയുണ്ടായി. അത് ഒഴിവാക്കാനാവശ്യമായ നടപടിയെല്ലാം എടുത്തതിനുശേഷമാണ് കയറ്റുമതി ചെയ്യുന്നത്. ചോദ്യം അതല്ല. ചോദ്യം ആഭ്യന്തര മാർക്കറ്റിൽ വിൽക്കുന്ന മത്സ്യത്തെ സംബന്ധിച്ചാണ്. അതിനാണ് മറുപടി പറഞ്ഞത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ആഭ്യന്തര മാർക്കറ്റിൽ വിൽക്കുന്ന മത്സ്യത്തിലും രാസവസ്തുക്കൾ, പ്രത്യേകിച്ച് അമോണിയപോലുള്ളവ ചേർക്കുന്നുവെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പ്രത്യേകിച്ച് കേരളത്തിന് വെളിയിൽനിന്ന് വരുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനവും ഐസ് ഇട്ടില്ല. അമോണിയ നേരിട്ട് ചേർത്തിട്ടാണ് പത്തും പതിനഞ്ചും ദിവസം സൂക്ഷിക്കപ്പെടുന്നത്. ഇതുസംബന്ധിച്ച് വ്യാപകമായ പരാതി നാട്ടുകാർക്കും ഇത് ഉപയോഗിക്കുന്നവർക്കുമുണ്ട്. കാണാൻ നല്ല മത്സ്യമായിരിക്കും. എന്നാൽ അത് ഉപയോഗിക്കുമ്പോൾ പ്രത്യേകം ഗുണവും രുചിഭേദവും ആണ്. ഇത് പരിശോധിച്ചില്ലെങ്കിൽ കേരളത്തിലെ മത്സ്യം ആരും വാങ്ങാത്ത സ്ഥിതിയിലേയ്ക്ക് എത്തിച്ചേരും. അതുകൊണ്ട് ആ കാര്യത്തിൽ അങ്ങ് ഗൗരവമായി ഇടപെടണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആഭ്യന്തര മാർക്കറ്റിൽ വരുന്ന മത്സ്യത്തിന്റെ കാര്യം ഇത്ര വ്യാപകമായ തോതിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും ഇങ്ങനെയൊരു ഏർപ്പാടുണ്ടെന്ന് അറിഞ്ഞതുകൊണ്ട് ഇനി ശ്രദ്ധിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചുകൊണ്ടാണ് ഈ ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളത്. ഞങ്ങൾ ഇവിടെ പറയുന്ന പ്രശ്നങ്ങൾ ഗൗരവമായി, മുഖവിലയ്ക്ക് എടുക്കണം. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് പ്രധാനമായും ചേർക്കുന്നത് അമോണിയയാണ്. അമോണിയ ഉപയോഗിക്കുന്ന മത്സ്യത്തിന് രുചിവ്യത്യാസവുമുണ്ട്. പുറത്തുനിന്ന് വരുന്നതായാലും ഇവിടെത്തന്നെ ഉള്ളതായാലും മത്സ്യങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നുവെന്ന വസ്തുത കണക്കിലെടുത്ത് അത് തടയാനും പരിശോധിക്കാനുമുള്ള സംവിധാനം ഗവണ്മെന്റ് ഏർപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇതിനുതന്നെയാണ് ഞാൻ മറുപടി പറഞ്ഞത്. മറുപടി പറഞ്ഞുകഴിഞ്ഞാലും പിന്നെയും അതുതന്നെ ചോദിച്ചിട്ട് കാര്യമുണ്ടോ? ചോദ്യം ആഭ്യന്തരമാർക്കറ്റിലെ മത്സ്യത്തിന്റെ കാര്യമാണ്. അത് പരിശോധിക്കേണ്ടത് ആരോഗ്യവകുപ്പാണ്. ഇത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ : ഇക്കാര്യം മുഖവിലയ്ക്കെടുത്ത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ടപരിഹാരമുണ്ടാക്കും.

ശ്രീ. സി.പി. ബാലൻ വൈദ്യർ : മത്സ്യം ഉപയോഗിക്കുന്ന ആളുകൾ എന്ന നിലയിൽ ഞങ്ങൾ തൃപ്തരല്ലാത്തതുകൊണ്ടാണ് വീണ്ടും വീണ്ടും ആവർത്തിക്കുന്നത്. മത്സ്യത്തിന് ഇന്ന് വലിയ വിലയാണ്. അത് കണക്കിലെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്ത് ഫിഷറീസ് വകുപ്പുതന്നെ ചുരുങ്ങിയ വിലയ്ക്ക് നാട്ടിൻപുറത്തെ സാധാരണക്കാർക്ക് മേൽത്തരം മത്സ്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആ ചോദ്യം ഇതിൽ വരുന്നതല്ല. ഇപ്പോൾ കൊച്ചിയിൽ തുറന്നിട്ടുള്ള ഒരു ഐസ് പ്ളാന്റ് വഴി രാജ്യത്തിന്റെ എല്ലാ ഭാഗത്തും ആദ്യം 180 ബൂത്തുകൾ തുടങ്ങാൻ നടപടി എടുത്തിട്ടുണ്ട്. അതിൽ 22 ബൂത്തുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 120 ബൂത്തുകൾകൂടി പ്രവർത്തനമാരംഭിക്കാൻ എടുത്തുകൊണ്ടിരിക്കുകയാണ്. 600 ടൺ കപ്പാസിറ്റിയുള്ള കോൾഡ് സ്റ്റോറേജാണ് ഉദ്ഘാടനം ചെയ്തുകഴിഞ്ഞത്. അവിടെനിന്ന് കേരളത്തിന്റെ എല്ലാ ഭാഗത്തേയ്ക്കും ഇപ്പോൾ ആരംഭിച്ചതും ഇനി തുടങ്ങാൻ പോകുന്നതുമായ ബൂത്തുകളിലേയ്ക്ക് വില കുറഞ്ഞതും കേടുകൂടാത്തതുമായ നല്ല മത്സ്യം സുലഭമായി ലഭിക്കാനുള്ള ഒരു ഏർപ്പാട് ഉണ്ടാക്കുന്നുണ്ട്. ഇതിന്റെ ഫലമായി മാലിന്യങ്ങളൊന്നുമില്ലാത്ത ശുദ്ധമത്സ്യം വിതരണം ചെയ്യാൻ സാധിക്കും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പഴകിയതും ഉപയോഗശൂന്യവുമായ മത്സ്യങ്ങൾ വിൽക്കുന്നത് കണ്ടുപിടിക്കുന്നതിനും അവ നശിപ്പിക്കുന്നതിനും നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സംവിധാനമേർപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഫുഡ് ഇൻസ്പെക്ടർമാർക്ക് എല്ലാ സാധനവും പരിശോധിച്ച് ആറുമാസംവരെ ശിക്ഷിക്കാനുള്ള നിയമമുണ്ട്. ഞാൻ ആഭ്യന്തരവകുപ്പുമന്ത്രി ആയിരുന്നപ്പോൾ എന്റെ അളിയനെ വരെ ആറുമാസത്തേയ്ക്ക് ശിക്ഷിച്ചിട്ടുണ്ട്. ഹാർട്ട് അറ്റാക്കിന് വൈദ്യോപദേശപ്രകാരം വെള്ളം ചേർത്ത പാൽ കുടിക്കാനായിട്ട് കടയിൽ വച്ചിരുന്നു. പക്ഷെ, ഫുഡ് ഇൻസ്പെക്ടർ വന്നപ്പോൾ അവർ തമ്മിൽ തെറ്റി വർത്താനം പറഞ്ഞു. അതു കാരണം ശിക്ഷിച്ച് ആറുമാസത്തേയ്ക്ക് ജയിലിൽപ്പോയി കിടന്നു. ആഭ്യന്തരവകുപ്പുമന്ത്രിയുടെ അളിയനൊന്നും അവിടെ പ്രശ്നമായിരുന്നില്ല. ശിക്ഷിക്കാനുള്ള നിയമമുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യവിൽപ്പനയ്ക്കുള്ള അവകാശം ഇപ്പോൾ ഇടനിലക്കാർക്കാണ്. അത് മാറ്റി ഈ അവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആദ്യത്തെ ചോദ്യത്തിന്റെ മറുപടിയിൽ അത് വരും. ആദ്യവിൽപ്പനയുടെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനായിട്ട് നിയമനിർമ്മാണംതന്നെ നടത്താൻ പോവുകയാണ്.

2 (*456) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. കണാരൻ :

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly